## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം - 3123** **28.01.2014** ൽ മറുപടിക്ക്

**പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടറിംഗ് സംവിധാനം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സണ്ണി ജോസഫ്**<br>**" ലൂഡി ലൂയിസ്**<br>**" പി.സി. വിഷ്ണുനാഥ്**<br>**" ഹൈബി ഈഡൻ** | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ധനസഹായത്തോടെയുള്ള നാഷണൽ ഇ-ഗവേർണൻസ് പ്രോഗ്രാമിന്റെ (NeGP) ഭാഗമായി 2011 ഡിസംബർ മുതൽ പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടറിംഗ് ആരംഭിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് ജി.ഒ(പി) നം.72/2011/പൊ.മ.വ തീയതി 3.12.2011 പ്രകാരം ഡിസംബർ 7 മുതൽ പരീക്ഷണാടിസ്ഥാനത്തിൽ റോഡ്സ് & ബ്രിഡ്ജസ് സൗത്ത് സർക്കിൾ ഓഫീസിൽ പ്രീ-ക്വാളിഫിക്കേഷൻ പ്രവൃത്തികൾക്ക് ഇ-ടെണ്ടറിംഗ് സമ്പ്രദായം ആരംഭിച്ചു. പൊതുമരാമത്ത് വകുപ്പ് മാന്വൽ പരിഷ്കരിച്ചപ്പോൾ പ്രീ-ക്വാളിഫിക്കേഷൻ പ്രവൃത്തികളുടെ അടങ്കൽ തുകയുടെ പരിധി 5 കോടി രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി. ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് സർക്കിൾ ഓഫീസുകളിൽ 5 കോടി രൂപയ്ക്ക് മുകളിൽ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്കാണ് ഇ-ടെണ്ടറിംഗ് നടത്തുന്നത്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത സംവിധാനം വഴി നേടാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) പൊതുമരാമത്ത് വകുപ്പിലെ ടെണ്ടറിംഗ് നടപടികൾ കൂടുതൽ കാര്യക്ഷമതയോടെയും സുതാര്യതയോടെയും വേഗത്തിൽ പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പിലാക്കിയത്. |

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ സംവിധാനം വഴി ലഭ്യമാക്കുന്നത് ;

(സി) പൊതുമരാമത്ത് വകുപ്പിലെ ടെണ്ടറിംഗ് നടപടികൾ കൂടുതൽ കാര്യക്ഷമതയോടെ വേഗത്തിൽ പൂർത്തിയാക്കുവാൻ ഇ-ടെണ്ടറിംഗ് സംവിധാനം വഴി സാധിക്കും. കോൺട്രാക്ടർമാർക്ക് പൊതുമരാമത്ത് ഓഫീസുകളിൽ നേരിട്ട് ഹാജരാകാതെ തന്നെ വെബ് സൈറ്റിൽ നിന്നും ടെണ്ടർ ഡോക്യൂമെന്റ്സ് വായിക്കാനും ടെണ്ടറിൽ പങ്കെടുക്കുവാനും സാധിക്കും. ടെണ്ടറിൽ പങ്കെടുത്ത വ്യക്തികളുടെ വിവരങ്ങൾ ടെണ്ടർ തുറക്കുന്ന സമയം വരെ മറ്റുള്ളവർക്ക് അറിയുവാൻ സാധിക്കില്ല. ആയതിനാൽ ടെണ്ടറുകളിൽ കൂടുതൽ മത്സരക്ഷമത ഉറപ്പു വരുത്തുന്നു. ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ വെബ് സൈറ്റിൽ സ്റ്റോർ ചെയ്യുകയും പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യും. ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമായി വളരെ വേഗത്തിൽ പൂർത്തിയാക്കുവാനും കഴിയും.

(ഡി) ആരെല്ലാമാണ് ഈ സംവിധാനത്തിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) എൻ.ഐ.സി. വികസിപ്പിച്ച GEPNIC എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് കേരളത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ഏകോപനം നിർവ്വഹി ക്കുന്നത് ഐ.ടി. മിഷൻ ആണ്. ഇ-ടെണ്ടറിംഗ് സംവിധാനത്തിൽ കരാറുകാർ സമർപ്പിക്കേണ്ട ടെണ്ടർ സബ്മിഷൻ ഫീസ്, നിരതദ്രവ്യം മുതലായവ ഇ-പേയ് മെന്റ് സംവിധാനം വഴി ആക്കിയിട്ടുണ്ട്. ഇതിനുവേണ്ട സാങ്കേതിക സഹായം (പേയ് മെന്റ് ഗേറ്റ് വേ) നൽകുന്നത് എസ്.ബി.ടി.യാണ്. സംസ്ഥാന ട്രഷറി വകുപ്പും ധനവകുപ്പും ഐ.ടി. വകുപ്പും ചേർന്നാണ് ഈ സംവിധാനത്തിന്റെ ഏകോപനം നിർവ്വഹിക്കുന്നത്.

സെക്ഷൻ ഓഫീസർ